**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3689 — 20.06.2019 ൽ മറുപടിക്ക്

**മങ്കട മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങൾ**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-19 വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (എ) | 2018-19 വർഷം മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട്, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുവാൻ സാധിച്ചു; വ്യക്തമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കപ്പും കൗൺസിലിംഗും, എൻ.സി.ഡി. ആസ്മ/ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്, വിഷാദ രോഗപരിചരണത്തിനുള്ള ആശ്വാസം ക്ലിനിക്, വൈകിട്ട് 6 മണിവരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാക്കി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ മേഖലയിൽ മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരമേറ്റശേഷം മങ്കട മണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി, ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മൂർക്കനാട്, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗകേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തു. മൂർക്കനാട് |

| | | | |
|---|---|---|---|
| | | | പി.എച്ച്.സി.യിലും അങ്ങാടിപ്പുറം പി.എച്ച്.സി.യിലും നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നുണ്ട്. മൂർക്കനാട് പി.എച്ച്.സി.യിൽ സായാഹ്ന ഒ.പി. ആരംഭിച്ചു. പുഴക്കാട്ടിരി സി.എച്ച്.സി.യിൽ എൻ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് ആശുപത്രി നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ചെയ്തു. മൂർക്കനാട് പി.എച്ച്.സി.യിൽ Semi Automated Bio Chemistry Analyser, Three part Haematoltogy Analyser എന്നീ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ